# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747 — 28.02.2018 -ലെ മറുപടി

**വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി കുഴൽ കിണർ**

**ചോദ്യം** — **മറുപടി**

**ശ്രീ. അബ്ദുൽ ഹമീദ് പി.** — **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കുഴൽ കിണർ കുഴിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം എത്ര ഉത്തരവുകൾ ഇറക്കിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | എ) | വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കുഴൽകിണർ കുഴിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഭൂജല വകുപ്പുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഒന്നും തന്നെ ഇറക്കിയിട്ടില്ല. |
| ബി) | വ്യവസായ ആവശ്യങ്ങൾക്കായുള്ള ജല ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 (സെക്ഷൻ 4) പ്രകാരം ജലസ്രോതസ്സുകളിൽ നിന്ന് ജലം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വ്യക്തിയോ ഏജൻസിയോ 5 കുതിര ശക്തിയിൽ കൂടുതൽ ശേഷിയുള്ള യാന്ത്രികമായോ, വൈദ്യുതിയിലോ പ്രവർത്തിക്കുന്ന യന്ത്രം, ഹോസ്, പൈപ്പ് എന്നിവയുപയോഗിച്ച് ജലം എടുക്കുന്നതിന് മുമ്പായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.<br>ഭൂജല വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന വ്യാവസായികാടിസ്ഥാനത്തിലുള്ള അപേക്ഷകളിൽ പമ്പിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല അവലോകന കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോടെയാണ് കുപ്പിവെള്ള കമ്പനികൾക്ക് എൻ.ഒ.സി. നൽകി വരുന്നത്. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, |

| | | | |
|---|---|---|---|
| | | | വ്യവസായ വകുപ്പ്, അതത് പഞ്ചായത്ത്/ മുൻസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി, എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസര പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട് അമിതമായി ജലചൂഷണം നടത്തുന്നതായി ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത്, ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | വ്യവസായ ആവശ്യങ്ങൾക്ക് ഭൂഗർഭ ജലം ഉൾപ്പെടെയുള്ള ജലത്തിന്റെ ഉപഭോഗം സംബന്ധിച്ച നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | സി) | കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ൽ വ്യവസായ ആവശ്യങ്ങൾക്ക് ഭൂഗർഭജല ഉപഭോഗം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**